"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ- റിട്ടയേർഡ് ഓവർസിയർ ശ്രീ.ജയകുമാർ.കെ.എൻ -നെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്

സ.ഉ.(സാധാ) നം.2094/2026/LSGD തീയതി, തിരുവനന്തപുരം, 05-11-2026

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 19.09.2017-ലെ E10-24809/17/EKM നമ്പർ റിപ്പോർട്ട്.
2. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സമർപ്പിച്ച 09.10.2018-ലെ CTPVIG 593(1)/18 നമ്പർ റിപ്പോർട്ട്
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) സമർപ്പിച്ച 29.10.2018-ലെ CTPVIG 697/18 നമ്പർ റിപ്പോർട്ട്
4. വിജിലൻസ് ഡയറക്ടറുടെ 11.08.2021 ലെ E9-(VE 5/2019/CRE) 21494/2019 നമ്പർ റിപ്പോർട്ട്.
5. 12.12.2024 ലെ 7/ഇഡബ്ല്യു4/2018-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടിസ്.
6. കാരണം കാണിക്കൽ നോട്ടീസിന് ഓവർസിയർ(റിട്ട) ശ്രീ.ജയകുമാർ.കെ.എൻ 04.02.2025-ൽ സമർപ്പിച്ച മറുപടി.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.05.2025-ലെ LSGD/PD/62608/2023-VIGC4 നമ്പർ അഭിപ്രായക്കുറിപ്പ്.

ഉത്തരവ്

കൊച്ചി നഗര സഭയിലെ പബ്ലിക് വർക്ക് ഓവർസിയറായിരുന്ന ശ്രീ.ജയകുമാർ.കെ.എൻ-ന് എതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്ന 7/EW4/2018/LSGD, 5/EW4/2019/LSGD, 54/EW4/2019/LSGD, 70/EWA4/22/LSGD എന്നീ ഫയലുകളിലെ അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടില്ലാത്തതിനാലും ടിയാൻ 31/05/2020-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും ടിയാനെതിരെയുള്ള മേൽ നടപടി

ഫയലുകളെല്ലാം കൂട്ടി ചേർത്ത് KSRs Part III പ്രകാരം നടപടിയാരംഭിക്കാൻ തീരുമാനിച്ചിരുന്നു.

ടിയാനെതിരെയുള്ള പ്രധാന കുറ്റാരോപണങ്ങൾ താഴെപ്പറയും പ്രകാരമാണ്:

1) കൊച്ചി നഗര സഭയിലെ ഇടക്കൊച്ചി വില്ലേജിലെ സർവ്വേ നം.455/4-ൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് നിയമവിരുദ്ധമായി കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കിയതിന്മേലുള്ള ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ പരാമർശം (2) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ചും, ചട്ടലംഘനത്തോടെയും നിർമ്മിച്ചിട്ടുള്ള പരാമർശിത കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റിന് ശുപാർശ ചെയ്തതിന് പബ്ലിക് വർക്ക് ഓവർസിയർ ശ്രീ.ജയകുമാർ ഉത്തരവാദിയാണെന്ന് കണ്ടെത്തിയിരുന്നു.

2) കൊച്ചി കോർപ്പറേഷൻ പള്ളുരുത്തി സോണൽ ഓഫീസിന് സമീപം ചെറുകുളം റോഡിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടം പ്ലാനിൽ നിന്നും വ്യതിചലിച്ചാണെന്നും ഗോവണി നിർമ്മിച്ചിരിക്കുന്നത് അനുമതിയില്ലാതെയുമാണെന്ന് ആരോപിച്ചു കൊണ്ട് ലഭ്യമായ പരാതിയിന്മേൽ വിജിലൻസ്, എറണാകുളം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ അനധികൃത നിർമ്മാണ സ്ഥലത്ത് പോയി കംപ്ലീഷൻ പ്ലാൻ അനുസരിച്ച് സൈറ്റ് ഇൻസ്പെക്ഷൻ നടത്തി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് ബിൽഡിങ് ഇൻസ്പെക്ടർ ശ്രീ.ജയകുമാർ.കെ.എൻ ശിപാർശ ചെയ്തതായി പരാമർശം (1) പ്രകാരം വിജിലൻസ് കണ്ടെത്തിയിരുന്നു.

3) കൊച്ചി നഗരസഭയുടെ പള്ളുരുത്തി സോണൽ ഓഫീസിൽ 3/11/17ൽ syp2-453/10/17 നമ്പറായി നഗരസഭയിൽ നിന്നും നൽകിയ ബിൽഡിംഗ് പെർമിറ്റിൽ അഴിമതി ആരോപിച്ചതിനെ തുടർന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ അന്വേഷണത്തിൽ നിർമ്മാണം പൂർത്തിയാക്കാത്തതും KMBR-99 ലെ ചട്ടം 24(3),24(5),25 (1) എന്നിവ ലംഘിക്കുന്ന പരാമർശിത കെട്ടിടത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റും ഒക്കുപൻസി സർട്ടിഫിക്കറ്റും നൽകിയതിന് ബിൽഡിങ് ഇൻസ്പെക്ടർ ശ്രീ.ജയകുമാർ.കെ.എൻ, അസി.എഞ്ചിനീയർ ശ്രീമതി.റാണി എന്നിവർ ഉത്തരവാദികളാണെന്ന് പരാമർശം (3) പ്രകാരം കണ്ടെത്തിയിരുന്നു.

4) കൊച്ചി നഗരസഭാ പള്ളുരുത്തി മേഖല ഓഫീസിനു കീഴിൽ വരുന്ന 13-ാം ഡിവിഷൻ പി.ഗംഗാധരൻ റോഡിന് തെക്ക് വശത്ത് സ്റ്റേറ്റ് ഹൈവേയുടെ കിഴക്കു ഭാഗത്തെ അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭ്യമായ പരാതിയിൽ വിജിലൻസ് നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയതായി പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭിച്ചിരുന്നു.

കൊച്ചി നഗരസഭ , രാമേശ്വരം വില്ലേജിൽ സർവ്വേ നമ്പർ 1091/4-ൽ പ്പെട്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന പഴയ കെട്ടിടങ്ങളുടെ ഒന്നാം നില പണിയുന്നതിനും മേൽക്കൂര പുതുക്കി പണിയുന്നതിനുമായി ശ്രീ. കെ.ജെ.ക്ളമന്റ്, 29.09.2018-ൽ കൊച്ചി നഗരസഭ പള്ളുരുത്തി മേഖലാ ഓഫീസ് കെട്ടിട വിഭാഗത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്ഥലപരിശോധന നടത്തിയ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.ജയകുമാർ.കെ.എൻ, 23/2400, 23/2401 എന്നീ കെട്ടിടങ്ങൾ കെ.ജെ. ക്ളമന്റിന്റെതാണെന്നും ടിയാൻ നികുതി അടച്ചു വരുന്നതുമാണെന്നും, രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർക്ക് റിപ്പോർട്ട് കൊടുത്തത് പ്രകാരം കെട്ടിട നിർമ്മാണ അനുമതി 3 വർഷ കാലാവധിയോടു കൂടി അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയിരുന്നുവെങ്കിലും ടി കെട്ടിട നിർമ്മാണ പ്രവർത്തനം KMBR 99 Rule 100-ന് വിരുദ്ധമായാണ് നടക്കുന്നതെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിട നിർമ്മാണ പ്രവർത്തനം നിറുത്തി വെയ്ക്കുന്നതിന് 28.12.2018-ൽ ശ്രീ.ക്ളമന്റിന് സ്റ്റോപ് മെമ്മോ കൊടുത്തിരുന്നു. തുടർന്ന് ടി വസ്തു ശ്രീ.അബ്ദുൽ അസ്സീസിന് കൈമാറ്റം ചെയ്യുകയും, ടി കെട്ടിടം പണി പൂർത്തീകരിച്ച് റെഗുലറൈസ് ചെയ്തു കിട്ടുന്നതിലേയ്ക്ക് ശ്രീ.അബ്ദുൽ അസ്സീസ് കൊടുത്ത അപേക്ഷയിൽ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി ഗ്രൗണ്ട് ഫ്ലോർ KMBR 99 Rule 26, Table-4 ന് വിധേയമാണെന്നും അംഗീകരിക്കാവുന്നതാണെന്നും കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതിൽ റെഗുലറൈസേഷൻ ഫീസ് (Rs.1800) ഈടാക്കി കെട്ടിടത്തിന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങൾക്ക് കെട്ടിട വിഭാഗം അസ്സി.എഞ്ചിനിയർ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് കൊടുത്തതായി വിജിലൻസ് കണ്ടെത്തിയിരുന്നു.

ടിയാൻ 31/05/2020-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കേരള സർവ്വീസ് റൂൾസ് ഭാഗം III പ്രകാരം നടപടി സ്വീകരിക്കാൻ തീരുമാനിയ്ക്കുകയും, ടിയാനെതിരെ നടപടികൾ തുടരുന്ന ഫയലുകളിലെ വിഷയങ്ങൾ കൂട്ടി ചേർത്ത് കേരള സർവ്വീസ് റൂൾസ്, ഭാഗം III ചട്ടം 59 (b) പ്രകാരം, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ കുറവ് ചെയ്യുന്നതിനായി പരാമർശം (5) പ്രകാരം ടിയാന് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയിരുന്നു .

പ്രസ്തുത കാരണം കാണിയ്ക്കൽ നോട്ടീസിന് ശ്രീ.കെ.എൻ.ജയകുമാർ സമർപ്പിച്ച പരാമർശം (6) മറുപടി താഴെപ്പറയും പ്രകാരമാണ് ;

1. ഇടക്കൊച്ചി വില്ലേജിലെ സർവ്വേനമ്പർ 455/4 ഉൾകൊള്ളുന്ന സ്ഥലത്ത് ശ്രീമതി നിമ്മി തമ്പി, ശ്രീമതി ധന്യ.കെ എന്നിവർക്ക് Sy.p1.284/4/2016 നമ്പറായി അനുവദിച്ച പ്ലാനിൽ നിന്നും ചെറിയ മാറ്റങ്ങളോടെയാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതെന്നും ടി കംപ്ലീഷൻ പ്ലാൻ KMBR-99 വിധേയമായിട്ടാണ് സമർപ്പിച്ചിട്ടുള്ളതെന്നും 24(3),25(1),24(5)34 ചട്ടങ്ങൾ KMBR-99 ന് വിധേയമാണെന്നും കെട്ടിടത്തിന്റെ മുൻവശം, പുറകുവശം, ഇരുവശങ്ങളും, കൂടാതെ പാർക്കിങ്ങ് മുതലായവ KMBR-99 ന് വിധേയമാകുന്നുവെന്നും ടിയാൻ അറിയിച്ചിരുന്നു.

കൊച്ചി നഗരസഭയിൽ ടി സമയത്തെ FLOOD മൂലം തുടർ നാശനഷ്ടം സംഭവിച്ചതിന്റെയും മറ്റും കൂടുതൽ അധിക ചുമതലകൾ ഉണ്ടായിരുന്നുവെന്നും അതു കൂടാതെ ചുമതലകളായ വാർഡ് വർക്കുകൾ, എസ്റ്റിമേറ്റ് വേരിഫിക്കേഷൻ, ബിൽഡിംഗ് പെർമിറ്റുകൾ, ഒക്യുപെൻസി സർട്ടിഫിക്കറ്റുകൾ, പരാതികൾ എന്നിവ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതായും വന്നിട്ടുണ്ടെന്നും അധിക ചുമതലകൾ ഉള്ള സമയത്ത് ടിയാന്റെ ഭാഗത്തു നിന്നു വന്ന അപാകത മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

2. Sy p1.149/4/2016, Sy p1.150/4/2016 എന്ന നമ്പർ പ്രകാരം ശ്രീ.വി.ബി നവാസ്, താരിഖ് നവാസ് എന്ന പേരിൽ കെട്ടിടനിർമ്മാണ പെർമിറ്റ് നഗരസഭയിൽ നിന്നും അനുവദിച്ചിരുന്നുവെന്നും മേൽ അംഗികൃത പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ട് ഒക്യുപ്പൻസിയ്ക്ക് അപേക്ഷിച്ചിരുന്നുവെന്നും, Completion Plan പ്രകാരം Stair Case നിർമ്മാണം ഇരുവരും ചേർന്ന് സമ്മതപത്രം നൽകിയിരുന്നുവെന്നും (Notary അംഗീകരിച്ചത്) സമ്മതപത്ര പ്രകാരമാണ് Occupancy നൽകിയതെന്നും ടി കെട്ടിടം KMBR-99 വിധേയമാണെന്നും പള്ളുരുത്തി ഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായതിനാലും, ചെറിയ പ്ലോട്ടിൽ ഉള്ള നിർമ്മിതിയായതിനാലും മേൽ കുറ്റങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

3. കൊച്ചി നഗരസഭയിലെ പള്ളുരുത്തി സോണൽ ഓഫീസിൽ കീഴിൽ പള്ളുരുത്തി വില്ലേജിൽ സർവ്വെ 889/1 ൽപ്പെട്ട 3.500 സെന്റ് സ്ഥലത്ത് നിലവിലുള്ള ഗ്രൗണ്ട് ഫ്ളോറിന് മുകളിൽ ഫസ്റ്റ് ഫ്ളോർ, സെക്കന്റ് ഫ്ളോർ എന്നിവയ്ക്ക് 214.6202 ഏരിയയ്ക്ക് നിർമ്മാണാനുമതി നൽകുകയും എന്നാൽ ഫസ്റ്റ് ഫ്ളോർ പണിപൂർത്തീകരിച്ച Completion Plan ഹാജരാക്കിയ പ്രകാരം ടിയാൻ സ്ഥലം പരിശോധന റിപ്പോർട്ട് ഹാജരാക്കുകയും ചെയ്തുവെന്നും എന്നാൽ Completion Plan പ്രകാരം പണി പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതാണ് എന്ന വിവരം കക്ഷിയെ അറിയിക്കുകയും ചെയ്തുവെന്നും കക്ഷി നേരിട്ട് പണികളെല്ലാം പൂർത്തീകരിച്ചു എന്നറിയിച്ചതിനെ തുടർന്ന് ഫസ്റ്റ് ഫ്ളോറിന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് ശുപാർശ ചെയ്തുവെന്നും ടിയാൻ അറിയിച്ചിരുന്നു.

നഗരകാര്യ ഡയറക്ടറുടെ 16.03.2019 ലെ വി 3-4217/2019 (1) നമ്പർ കത്തിൽ നഗരസഭയിൽ നിന്നും നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റും KMBR 1999-ലെ ചട്ടം 24(3), 24(5), 25(1) എന്നീ ലംഘനം ഉള്ളതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റും ഒക്യുപെൻസിയും നിയമാനുസൃതം റദ്ദ് ചെയ്യുന്നത് നിർദ്ദേശിച്ചതിനെ തുടർന്ന് നഗരസഭ നൽകിയ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുകയും ടി വിവരം കെട്ടിട ഉടമയെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ടിയാൻ അറിയിച്ചിരുന്നു.

കൊച്ചി നഗരസഭയിൽ ടി സമയത്ത് Flood മൂലം കൂടുതൽ നാശനഷ്ടം സംഭവിച്ചതിന്റെയും അധിക ചുമതലകൾ ഉണ്ടായിരുന്നുവെന്നും അതുകൂടാതെ വാർഡ് വർക്കുകൾ, എസ്റ്റിമേറ്റ് വേരിഫിക്കേഷൻ, ബിൽഡിംഗ് പെർമിറ്റുകൾ, ഒക്യുപെൻസി സർട്ടിഫിക്കറ്റുകൾ, പരാതികൾ എന്നിവ സമയബന്ധിതമായി തീർപ്പ കൽപ്പിക്കേണ്ടതിനാൽ സമയക്കുറവു മൂലമാണ് ടി അപാകതകൾ ശ്രദ്ധയിൽപ്പെടാതെ പോയതെന്നും ഡയറക്ടറുടെ കത്തു പ്രകാരം അപ്പോൾ തന്നെ സ്ഥലപരിശോധന നടത്തി അപാകതകൾ കണ്ടതിനെ തുടർന്ന് നഗരസഭ നൽകിയ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അധിക

ചുമതലകൾ ഉള്ള സമയത്തുണ്ടായ ടി അപാകത മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

പള്ളുരുത്തി ഭാഗം ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലമായതിനാലും, ചെറിയ പ്ലോട്ടിൽ ഉള്ള നിർമ്മിതിയുമാണ് നടത്തുന്നതെന്നും അറിവില്ലായ്മ മൂലം വന്ന തെറ്റ് മാപ്പാക്കി ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരുന്നു.

ശ്രീ.കെ.എൻ.ജയകുമാർ സമർപ്പിച്ച മറുപടിയിന്മേൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (7) അഭിപ്രായ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

കൊച്ചി കോർപ്പറേഷനിൽ പള്ളുരുത്തി സോണൽ ഓഫീസിനു സമീപം ചെറുകുളം റോഡിൽ നിർമ്മിച്ച കെട്ടിടത്തിന്റെ സ്റ്റെയർ കേസിന്റെ സ്ഥാനം സ്ഥല പരിശോധനയിൽ ജോലി തിരക്കു കാരണം കണ്ടുപിടിക്കാൻ കഴിഞ്ഞില്ലായെന്ന വാദം അംഗീകരിയ്ക്കാൻ കഴിയുന്നതല്ലായെന്നും SYP2-4276/5/18 നമ്പർ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ കൂട്ടിച്ചേർക്കൽ പ്രവർത്തിക്ക് സമർപ്പിച്ച ഒക്യൂപൻസി അപേക്ഷയിൽ റിപ്പോർട്ട് സമർപ്പിച്ചതിലും ടിയാന് വീഴ്ച സംഭവിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു. SYP2 507/11/17 നമ്പർ ഫയൽ പ്രകാരമുള്ള കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ചതുമായി ബന്ധപ്പെട്ട് ടിയാൻ സമർപ്പിച്ച വിശദീകരണം പരിഗണിയ്ക്കാവുന്നതാണെന്നും, സർവ്വേ നമ്പർ 1091/4-ൽ നിലവിൽ പഴയ കെട്ടിടത്തിന്റെ ഒന്നാം നില പണിയുന്നതിനും മേൽക്കൂര മാറ്റുന്നതിനുമായി നൽകിയ നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ CTP (വിജിലൻസ്) പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ നിലവിൽ പരിഹരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ ടിയാന്റെ മറുപടി പരിഗണിയ്ക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

തുടർന്ന് ശ്രീ. ജയകുമാറിനെ 24.10.25- ൽ അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിൽ, ഇടക്കൊച്ചി വില്ലേജിൽ വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടം സംഭവിച്ചതിന്റെയും മറ്റും അധിക ചുമതലകൾ ഉണ്ടായിരുന്നതിനാൽ ടിയാന്റെ ഭാഗത്തുണ്ടായ പിഴവാണെന്നും പള്ളുരുത്തി സോണൽ ഓഫീസിന് സമീപം ചെറുകുളം റോഡിൽ നിർമ്മിച്ച കെട്ടിടം വ്യക്തമായി പരിശോധിക്കുവാൻ കഴിഞ്ഞില്ലായെന്നും അറിവില്ലായ്മയിൽ നിന്നുണ്ടായ തെറ്റ് മാപ്പാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

CTP(Vig) റിപ്പോർട്ടുകൾ, വിജിലൻസ് റിപ്പോർട്ടുകൾ, ശ്രീ.ജയകുമാർ സമർപ്പിച്ച മറുപടി,തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വെളിവായിട്ടുണ്ട്.

കൊച്ചി നഗരസഭ പതിമൂന്നാം വാർഡിൽ സ.നം.1091/4 ൽ വരുന്ന സ്ഥലത്ത് കെ.ജെ.ക്ലമന്റിന് അനുവദിച്ച പെർമിറ്റ് ഒഴികെ മറ്റ് വിഷയങ്ങളിലെല്ലാം ശ്രീ.ജയകുമാറിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സൈറ്റ് പരിശോധനയിൽ KMBR ചട്ടങ്ങൾ പാലിക്കപ്പെടുന്നതാണോയെന്ന് വ്യക്തമായി പരിശോധിക്കാത്തതിൽ ശ്രീ.ജയകുമാറിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് കാണാം.

മേൽ സാഹചര്യത്തിൽ, കൊച്ചി നഗര സഭയിലെ പബ്ലിക് വർക്ക് ഓവർസിയറായിരുന്ന ശ്രീ.ജയകുമാർ.കെ.എൻ (PEN669737)-നെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 59(b) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ സ്ഥിരമായി കുറവ് ചെയ്ത് കൊണ്ട് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1) ശ്രീ.ജയകുമാർ.കെ.എൻ, പബ്ലിക് വർക്ക് ഓവർസിയർ (Rtd), തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

2) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3) വിജിലൻസ് (ഡി)വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 07-06-2019 ലെ VIG-D1/366/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

4) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

5) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.

6) തദ്ദേശ സ്വയംഭരണ(ആർ.ബി) വകുപ്പ്.(ടി വകുപ്പിൽ നിന്നുള്ള 13.07.2018 ലെ RB1/225/2018/ LSGD നമ്പർ കുറിപ്പ് പ്രകാരം)

7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8) കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by Dileep D
Date: 05-11-2026 16:27:05
സെക്ഷൻ ഓഫീസർ